# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 739, 15.07.2014 ൽ മറുപടിയ്ക്ക്

### 'സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണം'

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എ.പി.അബ്ദുള്ള കുട്ടി | | ഉത്തരം<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ.ഉമ്മൻ ചാണ്ടി |
|---|---|---|
| (എ) | സർക്കാർ ഉദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ; | ഭരണ പരമായ സൗകര്യവും പൊതുതാൽപര്യവും മുൻനിർത്തി സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് കാലാകാലങ്ങളിൽ പരിഷ്കരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | താഴെ പറയുന്ന സർവ്വീസ് ചട്ടങ്ങളാണ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്.<br><br>1. കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 28 A<br>2. കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 60<br>3. കേരള സർവ്വീസ് റൂൾസ് ഭാഗം I അനുബന്ധം II<br>4. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 31<br>5. കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 90<br>6. കേരള സർവ്വീസ് റൂൾസ് ഭാഗം I അനുബന്ധം VII ചട്ടം 19 A<br>7. കേരള സർവ്വീസ് റൂൾസ് ഭാഗം I അനുബന്ധം VII ചട്ടം 21 |

| | | |
|---|---|---|
| | | 8. കേരള സർവ്വീസ് റൂൾസ് ഭാഗം I അനുബന്ധം VIII ചട്ടം 8<br>9. സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ |
| (സി) | ജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള അവകാശ നിയമങ്ങൾ കൂടി സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | സേവന അവകാശ നിയമത്തിന്റെയും കേരള പബ്ലിക് സർവ്വീസസ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സേവന ചട്ടങ്ങളുടെയും ഉദ്ദേശ ലക്ഷ്യങ്ങൾ വ്യത്യസ്തമായതിനാൽ സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ സർവ്വീസ് ചട്ടങ്ങളുടെ പരിഷ്കരണത്തിൽ ഉൾപ്പെടുത്തുന്നത് പ്രായോഗികമല്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ